ഭരണഭാഷ-മാതൃഭാഷ

നമ്പർ.400822/BADC01/GPO/2024/3184/(1)

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് ആഫീസ്
കിഴക്കഞ്ചേരി I
കിഴക്കഞ്ചേരി.പി.ഓ
പാലക്കാട്
Phone No:04922255002
E-mail:ddpkizhakkencheripkd@gmail.com

തീയതി : 25/05/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ് പാലക്കാട്

സർ,

വിഷയം:- ത.സ്വ. ഭ. വ. - പാലക്കാട് ജില്ല സ്ഥിരം സമിതി അദാലത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- അങ്ങയുടെ ഓഫീസിൽ നിന്നും 24.05.2024 ന് ലഭിച്ച ഫോൺ സന്ദേശം .

മേൽ സൂചന പ്രകാരം സിറ്റിസൻ അദാലത്ത് പോർട്ടലിൽ രജിസ്റ്റർ ചെയ്ത പരാതികളിൻമേൽ ചുവടെ ചേർക്കുംവിധം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

1. Docket Number BPPKD4088000001

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ശ്രീ റെജി S/o മത്തായി എന്നവരുടെ മണ്ണ് പാസുമായി ബന്ധപ്പെട്ട പരാതി പരിഹരിച്ചിട്ടുള്ളതാണെന്നും മണ്ണ് പാസ് അനുവദിച്ചതിലൂടെ നിർദ്ദിഷ്ട പ്ലോട്ടിൽ നിന്നും നിയമാനുസൃതം മണ്ണ് നീക്കം ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം അങ്ങയെ ബോധിപ്പിക്കുന്നു.

2. Docket Number BPPKD4088000002

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ശ്രീ.വി.എസ്.അബൂബക്കർ & ആസിയ എന്നവർ കെട്ടിട നമ്പരിനായി സമര്പ്പിച്ചിട്ടുള്ള അപേക്ഷയിൽ സാങ്കേതിക വിഭാഗം സ്ഥലപരിശോധന നടത്തി കണ്ടെത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകർക്ക് കത്ത് നൽകിയിട്ടുണ്ട്. അപാകതകൾ

പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു.

3. Docket Number BPPKD4088000006

ശ്രീ ഷാബു S/o മൊയ്തീൻകുട്ടി, താജ് വീട്, വാണിയംകോട് എന്നവർ A2 Residential/Commercial ആവശ്യത്തിലേക്കായി കെട്ടിടം ക്രമവത്കരിച്ച് നമ്പർ അനുവദിക്കുന്നതിനായി 07.06.2022 ന് എസ് സി 3/834/2022 നമ്പറായി സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ 220 ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആകയാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടില്ലെന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു.

4. Docket Number BPPKD4088000007

ശ്രീമതി. വിദ്യാരാമദാസൻ, നായർത്തറ, കിഴക്കഞ്ചേരി എന്നവർ A2 Residential /Commercial ആവശ്യത്തിലേക്കായി കെട്ടിടം ക്രമവത്കരിച്ച് നമ്പർ അനുവദിക്കുന്നതിനായി 20.05.2023 ന് എസ് സി 12023 നമ്പറായി സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ ചുവടെ ന്യൂനതകൾ പരാമർശിച്ചുകൊണ്ട് റിപ്പോർട്ട് നൽകിയിരിക്കുന്നു.

1 Ramp, Waste Pit. RWH എന്നിവ സ്ഥാപിച്ചിട്ടില്ല

2. പുരയിടത്തിൽ നിൽക്കുന്ന Electric Post പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3. Online Application 9(1), Rule 23, 76(2) എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2 220(ബി) പട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിച്ചെന്ന് പരാമർശിച്ച് അപേക്ഷകൻ ഫയൽ 22.05.2024 ന് പുനസമർപ്പിച്ചിട്ടുണ്ട്. പുനസമർപ്പിച്ച അപേക്ഷ സാങ്കേതിക പരിശോധനയ്ക്കായി എൽ എസ് ജി ഡി വിഭാഗത്തിന് കൈമാറിയിട്ടുള്ള വിവരം അങ്ങയെ ബോധിപ്പിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതാണ്.

5. Docket Number BPPKD4088000008

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ഷമീർ, നൈനാംകാട്, കിഴക്കഞ്ചരി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 3 യൂണിറ്റുകൾക്ക് 21/878,21/879, 21/880 എന്നിങ്ങനെ യഥാക്രമം 3793/- . 633/-, 543/- രൂപ നികുതി ചുമത്തി കെട്ടിട നമ്പർ അനുവദിച്ചിരിരുന്നു. 21/878 എന്ന നമ്പറായി അനുവദിച്ച 75.25 ച.മി വിസ്തൃതയിലുള്ള യൂണിറ്റ് താമസ ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെങ്കിലും എൽ എസ് ഡി വിഭാഗത്തിൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഏറ്റവും നിയന്ത്രിതമായ ഗണം എഫ് ൽ ഉൾപ്പെടുത്തിയാണ്

കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുള്ളതും നികുതി ചുമത്തിയിട്ടുള്ളതും. വാസഗൃഹ യൂണിറ്റിന് നികുതി കുറയ്ക്കണം എന്നു പരാമർശിച്ച് ടിയാൻ നവകേരളസദസ്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ജില്ലാതല അദാലത്ത് സമിതി പ്രസ്തുത അപേക്ഷ പരിഗണിക്കുകയും പ്രസ്തുത യൂണിറ്റ് വാസഗൃഹമായി പരിഗണിച്ച് നികുതി പുനനിശ്ചയിച്ചു നൽകണമെന്നുമുള്ള ഉത്തരിൻറെ അടിസ്ഥാനത്തിൽ അപ്രകാരം നടപടി പൂർത്തിയാക്കി അപേക്ഷകനെ വിവരം അറിയിച്ചിട്ടുണ്ടെന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു. നിലവിൽ പ്രസ്തുത കെട്ടിടത്തിൻറെ നികുതി 524/- രൂപയാക്കി ക്രമപ്പെടുത്തിയിട്ടുണ്ട്.

6. Docket Number BPPKD4088000003, Docket Number BPPKD4088000004, Docket Number BPPKD4088000005

കിഴക്കഞ്ചേരി പഞ്ചായത്തിൽ ശ്രീ.കെ.എസ്.വിശ്വനാഥൻ, കെ.എസ്.മണികണ്ഠൻ, കെ.എസ്.കൃഷ്ണൻ എന്നവർ കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച പരാതി അദാലത്ത് സമിതി വിശദമായി പരിശോധിച്ചിരുന്നു.പുതിയ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് മുൻപൊരു കെട്ടിടം നിലനിന്നിരുന്നെന്നും ആയത് പൊളിച്ചുനീക്കി തത്സ്ഥാനത്തു തന്നെയാണ് പുതിയകെട്ടിടം നിർമിച്ചതെന്നും വരിക്കെട്ടിടങ്ങൾക്കുള്ള ഇളവുകൾ ബാധകമാക്കിക്കൊണ്ട് കെട്ടിടത്തിൻറെ നിർമിതി ക്രമവത്കരിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അപേക്ഷകർ മീറ്റിംഗിൽ അഭിപ്രായപ്പെട്ടു. വിവരങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയ യോഗ തീരുമാനം അപേക്ഷകരെ അറിയിച്ചിരുന്നു. ആയതിനെ തുടർന്ന് ലഭ്യമാക്കിയ ക്രമവത്കരണ അപേക്ഷ നിലവിൽ LSGD സാങ്കേതിക വിഭാഗത്തിൻറെ പരിഗണനയിലാണ്. റിപ്പോർട്ട് സമർപ്പിക്കുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

7. അങ്ങയുടെ 30.01.2024 തീയതിയിലെ PKD 04/01/2023 നമ്പർ കത്ത്

ശ്രീ കെ കെ ചാക്കോ & സൂസി ചാക്കോ, കല്ലുവെട്ടുകുഴി വാൽകുളമ്പ് എന്നവർ സമർപ്പിച്ച അപേക്ഷയിൽ ചുവടെ പരാമർശിക്കുന്ന ന്യൂനതകൾ നിലനിൽക്കുന്നതായി അങ്ങയെ ബോധിപ്പിക്കുന്നു.

1 പെർമിറ്റിന്റെ കാലാവധി 19.01.2023 ന് അവസാനിച്ചിരിക്കുന്നു.

2 കെ ബി ടി ഒടുക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല ( റവന്യൂ വകുപ്പിൽ നിന്നുള്ള ഡിമാൻറ് നോട്ടീസ് സഹിതം )

3. പെർമിറ്റ് A3/310/156/16-17 dated 21012017 പ്രകാരം അനുവദിച്ച Approve Plan പ്രകാരം അപേക്ഷകൻറെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്തിന്റെ വിസ്തൃതി 0.8430 Ha ആകുന്നു. എന്നാൽ ഒക്യുപൻസി അപേക്ഷ പ്രകാരം നിലവിൽ 0.4444 Ha സ്ഥലമാണ് ഉടമസ്ഥതയിലുള്ളത്. KPBR 2019 Rule 19 Sub cause 5 പ്രകാരം അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട പ്ലോട്ടിൻറെ ഭാഗം കൈമാറുകയോ വിൽക്കുകയോ ചെയ്താൽ അനുവദിച്ച പെർമിറ്റ് അസാധുവാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആകയാൽ A3/310/156/16-17 dated 21.01.2017 നമ്പർ പെർമിറ്റ് റദ്ദാക്കപ്പെടുന്ന സാഹചര്യം ഉണ്ടെന്നും ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയായി ഫയൽ സമർപ്പിക്കേണ്ടതാണെന്നും സൂചിപ്പിച്ചുകൊണ്ട് അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് സ്ഥലം കൈമാറ്റം ചെയ്യാൻ നിർബന്ധതനായതെന്നും K B T രേഖകൾ വില്ലേജിൽ നിന്നും ലഭിക്കാൻ കാലതാമസമുണ്ടായതിനാലാണ് നിയമാനുസൃതം ഫയൽ പഞ്ചായത്തിൽ കെട്ടിട നമ്പറിനായി യഥാസമയം

സമർപ്പിക്കാൻ സാധിക്കാതെ പോയതെന്നും ആയത് മാപ്പാക്കി കെട്ടിട നമ്പർ അനുവദിക്കണമെന്നുമാണ് അപേക്ഷകൻ മറുപടി നൽകിയത്. നിയമാനുസൃതം അത്തരമൊരു സ്റ്റേറ്റ്മെൻറിൻറെ അടിസ്ഥാനത്തിൽ ഫയൽ പരിഗണിക്കാൻ സാധിക്കാത്തതിനാലാണ് ഫയലിൽ തുടർനടപടി സ്വീകരിക്കാതിരുന്നത്.തുടർന്ന് ടിയാൻ സ്ഥിരം സമിതി അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പരാതി യോഗം ചർച്ചചെയ്യുകയും സെക്രട്ടറിയുടെ നടപടിക്രമം അംഗീകരിച്ചതായും 12.02.2024 തീയതിയിലെ PKD 4-01/23 നമ്പർ കത്ത് പ്രകാരം അങ്ങയുടെ അറിയിപ്പ് ഈ ഓഫീസിൽ ലഭിച്ചിരുന്നു. അപേക്ഷകൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഷീന ആർ

സെക്രട്ടറി

Signature Not Verified
Digitally signed by SHEENA RAHIMAN
Date: 2024.05.25 16:27:50 IST
Reason: ILGMS Govt. of kerala